# സാമൂഹ്യ ആഘാത പഠന അന്തിമ റിപ്പോർട്ട്

**Social Impact Management Plan**
(ആഘാത ദുരീകരണ പദ്ധതി)

**മാഹി–വളപട്ടണം ജലപാത–കട്ട്:3 പ്രോജക്ട്: ഭൂമി ഏറ്റെടുക്കൽ**
**മുഴപ്പിലങ്ങാട്, കടമ്പൂർ, ചെമ്പിലോട്, എടക്കാട്, ചേലോറ,**
**വലിയന്നുർ വില്ലേജ്, കണ്ണൂർ താലൂക്ക്, കണ്ണൂർ ജില്ല**

**സമർപ്പണം**
**ജില്ലാ കളക്ടർ , കണ്ണൂർ**


**ഏജൻസി: ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്,**
**അങ്ങാടിക്കടവ്, ഇരിട്ടി, കണ്ണൂർ – 670706**
**Phone: (0490) 2426014; 7012516402**
**dbascoffice@gmail.com**


**30 ഏപ്രിൽ 2023**

# Social Impact Management Plan
# (ആഘാത ദുരീകരണ പദ്ധതി)

**Appraoch to Mitigation (ആഘാത ദുരീകരണ സമീപനം)**

കണ്ണൂർ ജില്ലയിൽ കണ്ണൂർ താലുക്കിലെ മുഴപ്പിലങ്ങാട്, കടമ്പൂർ, ചെമ്പിലോട്, എടക്കാട്, ചേലോറ, വലിയന്നൂർ വില്ലേജുകളിൽ മാഹി-വളപട്ടണം കനാൽ കട്ട്-3 രൂപീകരണ പദ്ധതി നടപ്പിലാക്കുവാൻ ഏകദേശം 246.5 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഏറ്റെടുക്കുവാനുള്ള ഭൂമി. താമസസ്ഥലങ്ങൾ, വിദ്യാലയങ്ങൾ, വ്യവസായ യൂണിറ്റുകൾ, വായനശാല, റോഡുകൾ കൃഷിഭൂമി തുടങ്ങിയവയും ഇതിൽപ്പെടുന്നു. മതിലുകൾ, പ്രവേശന കവാടങ്ങൾ, കടകൾ, കാർഷിക സമ്പത്ത്, സർക്കാർ സ്ഥാപനങ്ങൾ ചേർന്ന സ്ഥലവും കെട്ടിടമുൻഭാഗങ്ങളും ഈ പ്രദേശത്തുണ്ട്. ഇതൊരു പൊതു താൽപര്യ പദ്ധതിയാണ്. അതിനാൽതന്നെ ബാധിതർക്ക് അർഹമായ നഷ്ടപരിഹാരത്തിനു അവകാശമുണ്ട്. ഭൂവുടമകൾ മുഖ്യമായും പ്രത്യേകിച്ച് വീടും ജീവനോപധികളും നഷ്ടപ്പെടുന്നവർ ഭൂമി വിട്ടുനൽകാൻ തയ്യാറല്ല എന്നാണു വ്യക്തമാക്കുന്നത്. ഈ പ്രദേശത്തുള്ള പഴശ്ശി ജലസേചന പദ്ധതിക്കായി ഭൂമി നഷ്ടമായതും അതിനുവേണ്ടി സർക്കാർ മുടക്കിയ പണവും ഇന്ന് അത് ഒരു വേദനയും പേടിസ്വപനവുമായിക്കഴിയുന്നവരാണ് ബാധിതർ. അതിനാൽ ഭൂവുടമകളുമായി ചർച്ച നടത്തി നഷ്ടപരിഹാരം തീരുമാനിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് തുക നൽകണമെന്നാണ് നിർദ്ദേശം.

## <u>Measures to avoid, Mitigate, and Compensate Impact</u>

**(ആഘാതം ഇല്ലായ്മ ചെയ്യുവാനും കുറയ്ക്കുവാനുമുള്ള രീതികളും നഷ്ടപരിഹാരവും)**

2013 ലെ നിയമമനുസരിച്ചുള്ള ന്യായമായ നഷ്ടപരിഹാരം ലഭിച്ചാലും ഭൂമി വിട്ടുനൽകാൻ ഒരു വിഭാഗം തയ്യാറല്ല എന്നാണു സാമുഹ്യ ആഘാത പഠന സംഘത്തിന് മനസ്സിലാക്കാൻ സാധിച്ചത്. 139 വീടുകൾ പൂർണ്ണമായി ബാധിക്കുന്നതും, ഒരു ജിവിതമാർഗ്ഗം എന്നതിലുപരിയായി ഒരു സംസകാരമെന്നുകരുതി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരും പദ്ധതിയോട് യോജിക്കുന്നില്ല. ഇവർ സമൂഹ്യാഘാത പഠനസമയത്ത് ശക്തമായ പ്രതിക്ഷേതം രേഖപ്പെടുത്തി വിവരങ്ങൾ നകിയില്ല. ബാധിതരുടെ ആശങ്കകളും പ്രശ്നങ്ങളും പാരിസ്ഥിതിക പഠനവും 3 കുന്നുകൾക്കടിയിലൂടെ തുരങ്കം നിർമ്മിച്ച് ഇത്രയധികം മണ്ണ് നീക്കം ചെയ്ത് കനാൽ നിർമ്മിക്കുന്നതിനു നെൽവയൽ-തണ്ണീർത്തടം നികത്തൽ നിമത്തിൻെറ വശങ്ങളും ക്ലിയറൻസും, പദ്ധതിക്കായുള്ള മുടക്കുമുതലും കൈവരിക്കാവുന്ന നേട്ടങ്ങളും തമ്മിലുള്ള അനുപാതത്തെ സംബന്ധിച്ച് സാമ്പത്തിക വിദഗ്തരുടെ അഭിപ്രയവും പരിഗണിച്ച്പരിശോധിച്ച്, പൂർണ്ണമായി ബാധിക്കുന്നവരുടെ ആശങ്കകൾ പരിഹരിച്ച് അർഹമായ പരമാവതി നഷ്ടപരിഹാരവും പുനഃസ്ഥാപനവും നിശ്ചിത സമയത്തിനുള്ളിൽ നിയമം അനുശാസിക്കുന്ന പാക്കേജുകളും സുതാര്യമായി നൽകുക. ജലപാതമൂലം കടൽ

വെള്ളം വ്യാപിക്കുകനിമിത്തം സമീപപ്രദേശങ്ങളിലെല്ലാം ഉപ്പുവെള്ളം പടരുമെന്നും ആഴത്തിൽ ജലപാത നിർമ്മിക്കുമ്പോൾ ഉയർന്ന പ്രദേശങ്ങളിലെ കിണറുകളിൽ വെള്ളം ലഭിക്കതെ വരുമെന്നും ആശങ്കയുണ്ട്. ഇത്തരം ആശങ്കകളും പരിഹരിക്കപ്പെടണം

| ആഘാതത്തിൻെറ വ്യാപ്തി | | |
|---|---|---|
| | എണ്ണം | ശതമാനം |
| പൂർണ്ണമായി | 415 | 62.2 |
| ഭാഗീകമായി | 206 | 30.9 |

മറ്റൊരു വിഭഗം ബാധിതർക്ക് അവരുടെ ഭൂമി തരിശ്/വെള്ളക്കെട്ട്/ഒരു വരുമാനവുമില്ലതെ കിടക്കുന്നതാണ്. ഇവർക്ക് അർഹമായ നഷ്ടപരിഹാരം ലഭിച്ചാൽ ഭൂമി വിട്ടുനൽകാൻ തയ്യാറാണ്. പൂർണ്ണമായി ബാധിക്കുന്നവരിൽ 196 പേർക്കു വേറെ ഭൂമി ഇല്ലാത്തവരണു. നേരിട്ടു ബാധിക്കാത്തവരും സമീപപ്രദേശങ്ങളിലുള്ളവരും ഉപ്പുവെള്ളം ബാധിക്കുമെന്നും ആശങ്കപ്പെടുന്നുണ്ട്. ഇതിനും പരിഹാരം കാണേണ്ടതുണ്ട്. തൊട്ടടുത്ത് താമസിക്കുന്നവരും അത്യാവശ്യ കാര്യങ്ങൾക്ക് പരസ്പരം ബന്ധപ്പെടുന്നവർ കനാൽ വരുന്നതുമൂലം രണ്ടു കരകളിലാകുന്നതു നിമിത്തം സാമൂഹ്യബന്ധങ്ങൾക്ക് കോട്ടം വരുന്നു. ആവശ്യമായ ഇടങ്ങളിൽ കനാൽ കുറുകെ കടക്കുന്നതിനു പാലങ്ങളോ മറ്റ് സൗകര്യങ്ങളോ ഒരുക്കണം.

**സാമ്പത്തിക വശങ്ങൾ**

667 ഭൂവുടമകൾക്കും പ്രസ്ഥാനങ്ങൾക്കും അവരുടെ ആശ്രിതർക്കും ഭൂമിയും അതിലെ വിലപ്പെട്ട വസ്തുക്കളും 139 പാർപ്പിടവും 18 കെട്ടിടങ്ങളും കുടുംബ വരുമാനത്തെ ബാധിക്കുന്ന കാർഷീക നഷ്ടങ്ങളും ഉൾപ്പെടുന്നതാണ് ഭൂമി ഏറ്റെടുക്കലിൻെറ ഏറ്റവും മുഖ്യമായ ആഘാതം. ഈ നഷ്ടത്തിന് ഭൂമി ഏറ്റെടുക്കൽ നിയമം 26-31 വകുപ്പുകൾ പ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കണം. പദ്ധതി ബാധിക്കുന്നവരുടെ ആവശ്യവുമനുസരിച്ച് നിർമ്മാണ പ്രവർത്തനത്തിൽ/ പദ്ധതിയുടെ തുടർ നടത്തിപ്പിനും ഉൾപ്പെടുത്തണം. നഷ്ടപരിഹാരം ഏറ്റെടുക്കുന്ന അന്നുതന്നെയോ അതിനടുത്തദിവസമോ നൽകണം. ഭൂമി ഏറ്റെടുക്കുമ്പോൾ ഇവ സുക്ഷ്മതയോടുകൂടിയും ഭൂമി ഏറ്റെടുക്കൽ 2013 നിയമപ്രകാരവും ഇതുമായി ബന്ധപ്പെട്ട് കേരള ചട്ടങ്ങളും അവലംബിച്ച് പ്രശ്നപരിഹാരം നടത്താവുന്നതാണ്.

**പാരിസ്ഥിതികം**

മാഹി-വളപട്ടണം കനാൽ കട്ട്-3 രൂപീകരണ പദ്ധതി നടപ്പിലാക്കുവാൻ പദ്ധതിബാധിതരുടെ (നേരിട്ടും അല്ലാതെയും) അഭിപ്രായപ്രകാരം കനാൽ നിർമ്മാണം ഈ പ്രദേശത്താകെ കിണറുകളിൽ ഉപ്പുവെള്ളം പടരുന്നതിനും, പുഴയുടെ ആഴംകൂട്ടുമ്പോൾ കണ്ടൽ വനങ്ങൾ നശിക്കുന്നതിനും അതുവഴി തീരസംരക്ഷണം ഇല്ലാതാകുകയും ചെയ്യും, കൂടാതെ കനാലിൻെറ ആഴം കൂടുന്നതിനനുസരിച്ച് സമീപപ്രദേശങ്ങളിലെ കിണറുകളിൽ വെള്ളം ലഭിക്കാതെവരും ഇതുസംബന്ധിച്ച് വിശദമയ പരിസ്ഥിതി

ആഘാത പഠനം ആവശ്യമാണ്. വയലുകളും ചെറു കുന്നുകളും കുഴിച്ച് 40 മീറ്റർ വീതിയിലും ആവശ്യമായ ആഴത്തിലും കനാൽ പണിയുമ്പോൾ എടുത്ത മാറ്റുന്ന മണ്ണ് എവിടെ നിക്ഷേപിക്കുമെന്നതും തന്മൂലം സംഭവിക്കാവുന്ന ദോഷങ്ങളും, പദ്ധതിയിൽ പറഞ്ഞിരിക്കുന്ന 3 ടണലുകളുടെ സാധ്യതയും വ്യകതമയി പരിശോധിക്കേണ്ടതാണു. ഇതുസംബന്ധിച്ച് വിശദമയ പരിസ്ഥിതി ആഘാത പഠനം ആവശ്യമാണ്. പദ്ധതി നപ്പിലാക്കുവാൻ ഏറ്റെടുക്കുന്ന ഭൂമിയിൽ ഭൂരിഭാഗവും നിലം/തണ്ണിർതത്തടങ്ങളാണു. ഇവിടെ കനാലിനോട് അനുബന്ധ നിർമ്മാണങ്ങളും സർവീസ് റോഡുകളു നിർമ്മിക്കുന്നത് പ്രദേശത്തിൻെറ ജലലഭ്യതയെ ബാധിക്കുമെന്നും ആശങ്കയുണ്ട്. ആയതിനാൽ തണ്ണീർത്തട/നെൽവയൽ നികത്തൽ നിയമത്തിൻെറ വസ്തുതകളും പരിശോധിക്കേണ്ടതുണ്ട്. പഠന കണ്ടെത്തലുകൾ ബാധിതർക്കു ബോധ്യമാക്കിക്കൊടുത്താൽ ഭൂമി ഏറ്റെടുക്കൽ എളുപ്പമായിത്തീരും. പദ്ധതി നടപ്പാക്കുന്നവർ പദ്ധതി പ്രദേശത്തുള്ള വൃക്ഷലതാദികൾ പരമാവധി സംരക്ഷിച്ച് പരിസ്ഥിതിക്ക് അനുകൂലമായ നിർമ്മാണം ഉറപ്പുവരുത്തണം.

## Measures that are Included in the Terms of Rehabilitation and Resettlement and Compensation as outlined in the Act.

**(പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ)**

ബാധിക്കപ്പെടുന്ന 139 കുടുംബങ്ങൾക്ക് ഇവിടെ പുന:സ്ഥാപനം ആവശ്യമാണ്. അതിൽ പുതുതായി വലിയ മുതൽമുടക്കിൽ നിർമ്മിച്ച വീടുകളുമുണ്ട്. ബാധിതരുടെ ആവശ്യാനുസരണം പൂർണ്ണമായ പുന:സ്ഥാപനം/പുന:സ്ഥാപന പാക്കേജ് സമയ ബന്ധിതമായി നടപ്പിലാക്കുക ബാധിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക് പുനരധിവാസവും, പകരം ഭൂമി വാങ്ങുവാനും, നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഉപജീവനമാർഗങ്ങൾ എത്രയും വേഗം പുനരാരംഭിക്കുവാൻ, ന്യായമായ നഷ്ടപരിഹാരം ഏറ്റവും സുതാര്യമായ വിധത്തിൽ ലഭ്യമാക്കണം. പുനരധിവാസ പ്രക്രിയയിൽ പദ്ധതി ബാധിതരെ വൈകാരിക തലത്തിലും ക്ഷതമേൽപ്പിക്കാതെ സൂക്ഷിക്കണം. ഭൂമി ഏറ്റെടുത്ത് ബാധിതരെ അവിടെ താമസിപ്പിക്കാമെന്നത് ദുഷ്കരമായിരിക്കും. വാങ്ങിക്കൊടുക്കുന്ന ഭൂമി എല്ലാവർക്കും അനുയോജ്യമാകണമെന്നില്ല.

## Measures that the Requiring Body has stated it will introduce in the project Proposal **(നിർദ്ദേഷ്ടാവ് സ്വീകരിക്കേണ്ട നടപടികൾ)**

- കേരള വാട്ടർ വേയ്സ് ആൻറ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, ഉൾനാടൻ ജലഗതാഗത ഓഫിസ് താണ, ജില്ലാഭരണകൂടം എന്നിവ ചേർന്ന് ജലപത അഡ്മിനിസ്ട്രേഷൻ ഏൻറ് മോണിറ്ററിങ്ങ് യൂണിറ്റ് രൂപീകരിക്കുക

- കുറേയധികം ബാധിതർ നെല്ല്/പച്ചക്കറി മറ്റ് കൃഷികളില ഏർപ്പെട്ടിരിക്കുന്നവർക്ക് സമാന ഭൂമി കണ്ടെത്തുന്നതിനും കൃഷി കാര്യങ്ങളിൽ സഹായിക്കുന്നതിനുമായി കൃഷിവകുപ്പുമായിചേർന്ന് പ്രത്യേക പദ്ധതി തായാറാക്കി നടപ്പിലാക്കുക
- ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് (അളന്നു തിട്ടപ്പെടുത്താത്തതിനാൽ പൊളിക്കുന്ന സമയത്ത് കൂടുതൽ ആളുകൾ വന്നേക്കാം, പരോക്ഷമായി ബാധിക്കുന്നവർ ഉൾപ്പടെ) ഉചിതമായ നഷ്ടപരിഹാരം നൽകുകയും പുതിയ തൊഴിൽ സംരംഭങ്ങളിൽ സഹായം ലഭിക്കാനായി സർക്കാർ സംവിധാനങ്ങളുമായി ബന്ധിക്കുകയും വേണം.
- നിർമ്മാണ തൊഴിലാളികളുടെയും പൊതുജനത്തിൻെറയും സുരക്ഷ ഉറപ്പാക്കണം.
- റവന്യൂവകുപ്പും പദ്ധതി നിർദ്ദേഷ്ടാവും ചേർന്ന് പദ്ധതിയെക്കുറിച്ചും നിർമ്മാണ ഘട്ടത്തിൽ ഉണ്ടായേക്കാവുന്ന അപ്രതീക്ഷിതമായ പ്രശ്നങ്ങൾ നേരിടുവാൻ വേണ്ടതായ സംവിധാനം (Public Relation) ഒരുക്കണം.

പ്രതികൂലമായതും അനുകൂലമായതുമായ സംഗതികൾ ധാരളമുണ്ട് ഈ പദ്ധതിയിൽ എന്ന ചിന്തയാണു ബാധിതർക്ക് ഇപ്പോഴുള്ളത്. ഈ സാഹചര്യത്തിൽ ബാധിതരുടെ ആശങ്കകൾ പരിഗണിച്ച് പാരിസ്ഥിതിക പഠനവും നെൽവയൽ തണ്ണീർത്തട കൺസർവേഷൻ നിയമത്തിൻെറ ക്ലിയറൻസും ലഭിച്ചാൽമാത്രം ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകുക എന്നാണ് സാമൂഹ്യ ആഘാത പഠന സംഘത്തിൻെറ അഭിപ്രായം.

**<u>Alterations to Project design and additional measures that may be required to address the extent and intensity of impacts across various groups as identified during the Social Impact Assessment process.</u> (സാമുഹ്യ ആഘാതം കുറവുള്ള ഇതര പദ്ധതി സാധ്യതകൾ)**

പഠനസംഘം പദ്ധതി വികസനത്തിനായി മറ്റ് പ്ലാനുകളും രൂപകൽപ്പനകളും അന്വേഷിച്ചു. ഇതര സാദ്ധ്യതകളെക്കുറിച്ച് ബാധിതരായ പ്രദേശവാസികളോടും മുഖ്യവിവര ദാതാക്കളോടും തിരക്കി. ബാധിതർ പുഴവഴി തന്നെ പോകുക അല്ലെങ്കിൽ കടൽ വഴി തിരഞ്ഞെടുക്കുക എന്ന് നിർദ്ദേശിച്ചു. നാറ്റ്പാക്ക് കണ്ടെത്തൽപ്രകാരം3 ബദൽ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു.

1) അഞ്ചരക്കണ്ടിപ്പുഴ-തോട്ടമുക്കു മുത്തപ്പൻ ക്ഷേത്രം-കടാച്ചിറ-തൊട്ടട-ചാല-തിലാനൂർ - വാരം-വളപട്ടണം പുഴയിലേക്ക് :15.1കിലോമീറ്റർ

2) മാടക്കര റിഫായി മസ്ജിദ്-ചെറുമാവിലായി,- ചൊവ്വ-മമ്പറം റോഡ് മുറിച്ചുകടന്ന്, ചല-തന്നട-ചക്കരക്കൽ റോഡ് മുറിച്ചുകടന്ന് , മവ്വഞ്ചേരി-കൊയ്യോട് റോഡ് മുറിച്ചുകടന്ന്, കണ്ണൂർ-മട്ടന്നുർ റോഡ് മുറിച്ചുകടന്ന് വളപട്ടണം പുഴയിലേക്ക് :16.1കിലോമീറ്റർ

3) അഞ്ചരക്കണ്ടിപ്പുഴ-തോട്ടമുക്കു മുത്തപ്പൻ ക്ഷേത്രം-എടക്കട്- കാടാച്ചിറ റോഡ് മുറിച്ചുകടന്ന്, എടക്കട്- കാടാച്ചിറ റോഡ് മുറിച്ചുകടന്ന് ബൈപാസ്സിനു സമീപത്തുകൂടി ചാല ജംഗ്ഷൻ-പാലം കടന്ന്, ആറ്റടപ്പ ജംഗ്ഷൻ റോഡ് കടന്ന്- മട്ടന്നൂർ റോഡ് കടന്ന് വളപട്ടണം പുഴയിലേക്ക് :15.1കിലോമീറ്റർ

ആദ്യ 2 ബദലുകളിലും ജനസാന്ദ്രത കൂടുതലായതിനായാലും നാറ്റ്പാക് പഠനപ്രകാരമുള്ള മൂന്നാമത്തെ റൂട്ടാണ് തിരഞ്ഞെടുത്തിരിക്കുന്നത്, പദ്ധതി ബാധിതരിൽ കൂടുതൽപേരും നിലവിലുള്ള വിന്യാസ രൂപരേഖയ്ക്കു പകരം (കൃത്രിമജലപാത പാതക്കുപകരം) പുഴയിലൂടെയുള്ള ബദൽ മാർഗ്ഗം

സ്വീകരിക്കണമെന്നു അഭിപ്രായപ്പെട്ടു. മാഹി-വളപട്ടണം കനാലിനുള്ള കട്ട്-3നുവേണ്ടിയുള്ള സാധ്യതാപഠനപ്രകാരമാണു നിലവിലുള്ള വിന്യാസം തിരഞ്ഞെടുത്തത്.

# Detailed Mitigation Plan

**(ആഘാത ദുരീകരണവും പ്ലാനും)**

നടത്തിയ ചർച്ചകളുടെയും പദ്ധതി പരിശോധനകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന സാമൂഹ്യ ആഘാത ദുരീകരണ പ്ലാൻ രൂപകൽപന ചെയ്തിട്ടുണ്ട്. ആഘാത ദുരീകരണ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തുകയെന്നത് പദ്ധതി നിർദ്ദേഷ്ടാവിൻെറയും സംസ്ഥാന/ജില്ലാ ഭരണകൂടങ്ങളുടെയും ഉത്തരവാദിത്തമാണ്. ആഘാത ദുരീകരണ മാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാണ്:

മൊത്തം ആവശ്യമുള്ളത് 513 സർവ്വേ നമ്പറുകളിൽനിന്ന് ഏകദേശം 98.6 ഹെക്ടറാണ് (246.5 ഏക്കർ) ഭൂമി,. 139 വീടുകൾ, താമസസ്ഥലങ്ങൾ, മതിലുകൾ, പ്രവേശന കവാടങ്ങൾ, കടകൾ, കിണറുകൾ, കുളങ്ങൾ, കാഷിക സമ്പത്ത് (നെൽവയൽ, കമുക്, തെങ്ങ്, പ്ലാവ്, മാവ്, കുരുമുളക്, പച്ചക്കറികൾ, ചെമ്മീൻ പാടങ്ങൾ) എന്നിവ നഷ്ടമാകുന്നതുമാണ് ഏറ്റെടുക്കലിൻെറ ഏറ്റവും മുഖ്യമായ ആഘാതം. ഇവിടെയുള്ള ഭൂമി ഏറ്റെടുക്കൽ വിവരങ്ങൾ ലഭ്യമായതിൽ 1428 പുരുഷന്മാരും 1503 സ്ത്രീകളുമുൾപ്പെടെ 2931 വ്യക്തികളെ പ്രത്യക്ഷമായി ബാധിക്കുമെന്നാണ് കണക്കാക്കുന്നത്.

ഉപജീവനമാർ ഗ്ഗങ്ങളും ഭൂമിയും അതിലെ വിലപ്പെട്ട വസ്തുക്കളും നഷ്ടപ്പെടുന്നതാണ് ഭൂമി ഏറ്റെടുക്കലിൻെറ എറ്റവും മുഖ്യമായ ആഘാതം. ഈ നഷ്ടത്തിന് ഭൂമി ഏറ്റെടുക്കൽ നിയമം 26-31 വകുപ്പുകൾ പ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കണം.

**പുനരധിവാസവും പുന:സ്ഥാപനവും**

ബാധിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ഇവിടെ പുന:സ്ഥാപനം ആവശ്യമില്ല. ബാധിക്കപ്പെടുന്ന വീടിൻെറ /കെട്ടിടങ്ങൾക്ക് മുൻഭാഗങ്ങൾക്കുണ്ടകുന്ന ദോഷങ്ങളും അസ്സൗകര്യങ്ങളും പിഹരിച്ച് വാസയോഗ്യമാക്കുന്ന പുനരധിവാസവും നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഉപജീവനമാർഗങ്ങൾ എത്രയും വേഗം പുനരാരംഭിക്കുവാൻ ന്യായമായ നഷ്ടപരിഹാരം ഏറ്റവും സുതാര്യമായ വിധത്തിൽ ലഭ്യമാക്കണം. പുനരധിവാസ പ്രക്രിയയിൽ പദ്ധതി ബാധിതരെ വൈകാരിക തലത്തിലും

ക്ഷതമേൽപ്പിക്കാതെ സൂക്ഷിക്കണം. വിശ്വാസ കേന്ദ്രങ്ങളുടെ വസ്തുക്കളുടെയും മറ്റ് പൊതുസ്ഥാപനങ്ങളുടെയും കുറച്ച്ഭാഗങ്ങൾ നഷ്ടപ്പെടുമ്പോൾ ശേഷിച്ചവ മതിൽകെട്ടി സുരക്ഷിതമാക്കണം.

**ആഘാതം ഇല്ലായ്മ ചെയ്യുവാനും ദുരീകരിയ്ക്കുവാനും പരിഹാരം നൽകുവാനുള്ള സംവിധാനങ്ങൾ**

- വീടുകളുടെയും കെട്ടിടങ്ങലുടെയും അസ്സൗകര്യങ്ങൾക്കും സംഭവിക്കുന്നത് പരിഹരിക്കണം. ഉയരത്തിലുള്ള വീടുകളുടെ മുൻഭാഗം നഷ്ടമാകുന്നത് അവിടെ ജീവിക്കാൻ ബുദ്ധിമുട്ടുണ്ടാക്കും. സാധ്യമാകുന്ന മാറ്റങ്ങൾ വരുത്തുക.
- പദ്ധതിയോട് എതിർപ്പുള്ള ചില ഭൂവുടമസ്ഥർ ആഘാത പഠന യൂണിറ്റിന് വിവരങ്ങൾ നൽകിയില്ല. അവരുടെ ഭൂമി ഏറ്റെടുക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ സർക്കാർ വകുപ്പുകൾ ചെയ്യണം.
- കൃഷി വരുമാനം നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് (അളന്നു തിട്ടപ്പെടുത്താത്തതിനൽ പൊളിക്കുന്ന സമയത്ത് കൂടുതൽ ആളുകൾ വന്നേക്കാം, പരോക്ഷമായി ബാധിക്കുന്നവർ ഉൾപ്പെടെ) ഉചിതമായ നഷ്ടപരിഹാരം നൽകുക.
- റവന്യൂവകുപ്പും നഗരസഭയും പദ്ധതി നിർദ്ദേഷ്ടാവും ചേർന്ന് നിർമ്മാണ ഘട്ടത്തിൽ ഉണ്ടായേക്കാവുന്ന അപ്രതീക്ഷിതമായ പ്രശ്നങ്ങൾ നേരിടുവാൻ വേണ്ടതായ സംവിധാനം ഒരുക്കണം.

## SIMP- Institutional Framework

- **Description of Institutional structutres and key persons responsible for each mitigation measures:**

**RFCTLARR Act 2013** പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥർ- ഡെപ്യൂട്ടി കളക്ടർ ( ഭൂമി ഏറ്റെടുക്കൽ), സ്പെഷ്യൽ തഹ്സിൽദാർ കിഫ്ബി-2 (എൽ. എ.) ഉൾനാടൻ ജലഗതാഗത വകുപ്പ കണ്ണൂർ. കേരള വാട്ടർ വേയ്സ് ആൻറ് ഇൻഫ്രാസ്റ്റ്റക്ചർ ലിമിറ്റെഡ് ആണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്.

- **Specify role of NGO's etc, if involved.**

  സന്നദ്ദ സംഘടനകളുടെ ഇടപെടൽ ഇല്ല.

- **Indicate capacities required and capacity building plan, including technical assistance, if any**

  ഒന്നും ഇല്ല. പദ്ധതി വിശദ്വിവിര റിപ്പോർട്ട് (DPR) വളരെ അത്യാവശ്യമായ ഒരു സംഗതിയാണു.

- **Timelines for each activity. (ആഘാതം ഇല്ലായ്മ ചെയ്യുവാനും ദുരീകരിയ്ക്കുവാനും പരിഹാരം നൽകുവാനുള്ള സമയപരിധി.)**

| ക്ര. ന. | ആഘാതദുരീകരണം. | സമയപരിധി. |
|---|---|---|
| 1 | സാധ്യതാപഠനം (with DPR) | Ready by now |
| 2 | പരിസ്ഥിതി ആഘാതപഠനം | 11-1 വിജ്ഞാപനത്തിനു മുമ്പ് |
| 3 | 11-1 വിജ്ഞാപന/ഏറ്റെടുക്കൽ പ്രക്രിയ | സാമൂഹ്യാഘാതപഠനം കഴിഞ്ഞ് 12 മാസങ്ങൾക്കുള്ളിൽ |
| 4 | ഭൂമി ഏറ്റെടുക്കൽ | 11-1 വിജ്ഞാപനം കഴിഞ്ഞ് 1 വർഷത്തിനുള്ളിൽ |
| 5 | നഷ്ടപരിഹാര വിതരണം | ഏറ്റെടുക്കുന്ന അന്ന്/പിറ്റേദിവസം |
| 6 | പുന:രധിവാസം/പുന:സ്ഥാപനം പൂർത്തിയാക്കൽ | ഏറ്റെടുത്ത് 6 മാസങ്ങൾക്കുള്ളിൽ |
| 7 | പദ്ധതി പൂർത്തിയക്കൽ | DPR സമയക്രമം പാലിച്ച് |

## Social Impact Management Plan, Budget, and Financing of Mitigation Plan

- **Cost of all Resettlement and Rehabilitation Cost**

  പദ്ധതിയിൽപ്പെടുന്ന ബാധിതർക്ക് പുന:സ്ഥാപനത്തിനും പുനരധിവാസത്തിനും നഷ്ടപരിഹാരത്തിനുമായി 650 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- **Annual Budget and Plan of Action**

  നിർവഹണാനുമതി തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും (എ) വകുപ്പ് സ്.ഉ.(കൈ) നം.3/2019 സി. എസ്. ഐ. എൻ. ഡി തിയതി, തിരുവനന്തപുരം, 8/2/2019 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്

- **Funding sources with breakup**

  കിഫ്ബി യും കേരള വാട്ടർ വേയ്സ് ആൻറ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റെഡുമാണു ഇതിനു ചുമതലപ്പെട്ടവർ

# SIMP- Monitoring and Evaluation

- **Key monitoring an evaluative indicators**

  2013 ലെ RFCTLARR ആക്ടിലെ വകുപ്പുകൾക്കും 2015ലെ RFCTLARR Act (Kerala) ചട്ടങ്ങൾക്കും വിധേയമായി

- **Plan for Independent Evaluation**

  2013 ലെ RFCTLARR ആക്ടിലെ വകുപ്പുകൾക്കും 2015ലെ RFCTLARR Act (Kerala) ചട്ടങ്ങൾക്കും വിധേയമായി.

## Analysis of Cost and benefits and recommendation on acquisition Final Conclusions on:

- **Assessment of public purpose**

കണ്ണൂർ ജില്ലയിൽ മാഹി-വളപട്ടണം 3-ാമത് ഭാഗമായ അഞ്ചരക്കണ്ടിപ്പുഴ മുതൽ വളപട്ടണംപുഴവരെയുള്ള ഭാഗത്ത് കൃത്രിമമായി കനാൽ നിർമ്മിക്കുന്നത് അവശ്യമായ കാര്യമാണ്. ഇത് ഒരു പൊതു താൽപര്യ പദ്ധതിയാണ്. ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം ചരക്കു ഗതാഗതത്തിനും ഉല്ലാസയാത്രകൾക്കും മറ്റും വിദേശ സഞ്ചാരികളെ ആകർഷിച്ചും സാമ്പത്തിക പുരോഗതിയും ചിലവുകുറഞ്ഞതും പരിസ്ഥിതിക്ക് ആഘാതം കുറക്കുന്നതുമായ പദ്ധതി ആവിഷ്കരിക്കുക എന്നതാണ്. കേരളത്തിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ഉൾനാടൻ ജലഗതഗതത്തിനുതകുന്ന 41 പ്രധാന പുഴകളുണ്ട്. ഇവയെ പരസ്പരം ബന്ധിപ്പിച്ച് ചരക്കു ഗതാഗതത്തിനും വിനോദസഞ്ചാര വികസനത്തിനും ഉപയോഗപ്പെടുത്തി സാമ്പത്തിക പുരോഗതി ഉറപ്പുവരുത്താവുന്നതാണ്. വികസന പദ്ധതി ഒരു അത്യാവശ്യമാണ്. എന്നൽ അലൈമെൻറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നത് അഘാതം കുറയ്ക്കാൻ സഹായിക്കും.

- **Less displacing Alternatives**

അഞ്ചരക്കണ്ടിപ്പുഴ-തോട്ടമുക്കു മുത്തപ്പൻ ക്ഷേത്രം-എടക്കട്- കാടാച്ചിറ റോഡ് മുറിച്ചുകടന്ന്, എടക്കട്- കാടാച്ചിറ റോഡ് മുറിച്ചുകടന്ന് ബൈപാസ്സിനു സമീപത്തുകൂടി ചാല ജംഗ്ഷൻ-പാലം കടന്ന്, ആറ്റടപ്പ ജംഗ്ഷൻ റോഡ് കടന്ന്- മട്ടന്നൂർ റോഡ് കടന്ന് വളപട്ടണം പുഴയിലേക്ക് :15.1കിലോമീറ്റർ. ആദ്യ 2 ബദലുകളിലും ജനസാന്ദ്രത കൂടുതലായതിനായാലും നാറ്റ്പാക് പഠനപ്രകാരമുള്ള മൂന്നാമത്തെ റൂട്ടാണ് തിരഞ്ഞെടുത്തിരിക്കുന്നത്, പദ്ധതി ബാധിതരിൽ കൂടുതൽപേരും നിലവിലുള്ള വിന്യാസ രൂപരേഖയ്ക്കു പകരം (കൃത്രിമജലപാത പാതക്കുപകരം) പുഴയിലൂടെയുള്ള/കടലിലൂടെ ബദൽ മാർഗ്ഗം സ്വീകരിക്കണമെന്നു അഭിപ്രായപ്പെട്ടു.

- **Minimum Requirenment of land**

മാഹി-വളപട്ടണം കനാൽ ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിൻെറ ഭാഗമായി നിലവിൽ കനാലില്ലാത്ത 3-ാമത് ഭാഗമായ അഞ്ചരക്കണ്ടിപ്പുഴ മുതൽ വളപട്ടണംപുഴവരെയുള്ള ഭാഗത്ത് കൃത്രിമമായി കനാൽ നിർമ്മിക്കുന്നതിന മൊത്തം ആവശ്യമുള്ളത് ഏകദേശം 98.6 ഹെക്ടറാണ് (246.5 ഏക്കർ ഭൂമി). നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിക്ക് 15 കി.മി. നീളവും 60 മീറ്റർ വിതിയുമുണ്ട്. കുറഞ്ഞത് 2.2 മീറ്റർ ആഴവും, അടിഭാഗത്ത് 40 മീറ്റർ വീതിയും, 700 മീറ്റർ ബെൻറ് റേഡിയസും, 6 മീറ്റർ ക്ലിയറൻസ് കുത്തനെയും, പീർസിനിടയിൽ 40 മീറ്റർ ക്ലിയറൻസ് കുറുകെയും ആവശ്യമാണ്.

- **Nature and intensity of Social Impact**
- ഏകദേശം 246.5 ഏക്കർ സ്ഥലമാണ് മാഹി-വളപട്ടണം കനാലിനുള്ള കട്ട്-3നുവേണ്ടി 513 സർവേനമ്പറുകളിലായി ഏറ്റെടുക്കുവാനുള്ള ഭൂമി. വീട്/താമസസ്ഥലങ്ങൾ(139), കെട്ടിടങ്ങൾ /ഷെഡ്ഡുകൾ (18), പമ്പ്ഹൗസ്(10) മതിലുകളും, പ്രവേശന കവാടങ്ങളും(26), സ്ഥലവും/കാർഷികസമ്പത്ത് (468), സർക്കാർ സ്ഥലവും. റോഡുകൾ, അൻഗൻവാടികൾ, വിദ്യാലത്തോട് ചേർന്ന മുറ്റം, കിണർ, ബാധിക്കുന്നു. കിണറുകളും കുളങ്ങളും (82) പൂർണ്ണമയി ബാധിതമാകുന്നു. നാഗവിശ്വാസ സങ്കൽപങ്ങളും ആരാധനാലയങ്ങളുടെ വസ്തുക്കളും ഇവിടെയുണ്ട്. ബാധിതരായ വ്യക്തികളുടെയും അവരുടെ ആശ്രിതരുടെയും 139 വീടുകൾ ഉൾപ്പെടെ മറ്റ് സർക്കാർ സ്ഥാപനത്തിൻെറയും 415 വസ്തുവഹകൾ പൂർണ്ണമായി ബാധിക്കുന്നതാണു ഏറ്റെടുക്കലിൻെറ ഏറ്റവും മുഖ്യമായ ആഘാതം. ഇവിടെയുള്ള ഭൂമി ഏറ്റെടുക്കൽ 1428 പുരുഷന്മാരും 1503 സ്ത്രീകളുമുൾപ്പടെ 2931 വ്യക്തികളെയും ബാധിക്കുമെന്നാണ് കണക്കാക്കുന്നത്. കൂടാതെ, നെൽ/പച്ചക്കറി കൃഷി ഭക്ഷ്യോത്പാദനം, ഉപജീവനമാർഗ്ഗത്തിലുണ്ടാകാവുന്ന നഷ്ടം. ബാധിതരിൽ 470 പേർക്ക് അവരുടെ പരമ്പരാഗതമായ ഭൂസ്വത്ത് ആയതിനാൽ ഭൂമിയുമായുള്ള വൈകാരിക ബന്ധത്തിനും കോട്ടം സംഭവിക്കും. ബാധിതരിൽ 311 പേർ പദ്ധതികൊണ്ട് ഒരു പ്രയോജനവും ഇല്ല എന്ന് വ്യക്തമാക്കിയതുകൂടാതെ പദ്ധതിമൂലം പ്രദേശത്ത് ഉപ്പുവെള്ളം വ്യാപിക്കുമെന്നും ഏറ്റെടുക്കുന്ന ഭൂമിയുടെ സമീപവാസികളെ ഉപ്പുവെള്ളം ബാധിക്കുമെന്നും അഭിപ്രായപ്പെട്ടു. 139 പേർ പുനസ്ഥാപിക്കപ്പെടുമ്പോൾ അവരുടെ സാമൂഹ്യ ജീവിതത്തെ അത് സാരമായി ബാധിക്കുന്നു. ഏക്കർ കണക്കിനു നെൽപ്പാടങ്ങൾ ഇല്ലാതാകുന്നത് ഭക്ഷ്യസുരക്ഷയെ കാര്യമായി ബാധിക്കുന്നു.
- **Viable Mitigation Measures extent ot which Mitigation Measures will address coast**

  മൊത്തം ആവശ്യമുള്ളത് ഏകദേശം 246.5 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുവാനുള്ള ഭൂമി. താമസസ്ഥലങ്ങൾ, വിദ്യാലയങ്ങൾ, വ്യവസായ യൂണിറ്റുകൾ, റോഡുകൾ തുടങ്ങിയവയുടെ ഭാഗങ്ങളും ഇതിൽപ്പെടുന്നു. മതിലുകൾ, പ്രവേശന കവാടങ്ങൾ, കടകൾ, കാർഷിക സമ്പത്ത്, സർക്കാർ സ്ഥാപനങ്ങൾ ചേർന്ന സ്ഥലവും കെട്ടിടമുൻഭാഗങ്ങളും ഈ പ്രദേശത്തുണ്ട്. ഭൂമി ഏറ്റെടുക്കുമ്പോൾ ഏറ്റവും സരമായി ബാധിക്കുന്ന വീടുകളും കെട്ടിടങ്ങളും മേൽപറഞ്ഞിട്ടുണ്ട്. രൂപരേഖയിൽ സാദ്ധ്യമായ മാറ്റങ്ങൾ വരുത്തിയും, നിയമപ്രകാരം സുധാര്യമായി പരമാവധി നഷ്ടപരിഹാരം സമയബന്ധിതമായി നൽകിയും ആവശ്യമായ വിവരങ്ങൾ ബാധിതർക്ക് ബോധ്യപ്പെടുത്തിയും നടപടിക്രമങ്ങൾ പൂർത്തിയാക്കവുന്നതാണു.

## Final recommendation on wehether the acquisition should

## go through or not

മൊത്തം ആവശ്യമുള്ളത് 513 സർവ്വേ നമ്പറുകളിൽനിന്ന് ഏകദേശം 98.6 ഹെക്ടറാണ് (246.5 ഏക്കർ) ഭൂമി,. 139 വീടുകൾ, താമസസ്ഥലങ്ങൾ, മതിലുകൾ, പ്രവേശന കവാടങ്ങൾ, കടകൾ, കിണറുകൾ, കുളങ്ങൾ, കാഷിക സമ്പത്ത് (നെൽവയൽ, കമുക്, തെങ്ങ്, പ്ലാവ്, മാവ്, കുരുമുളക്, പച്ചക്കറികൾ, ചെമ്മീൻ പാടങ്ങൾ) എന്നിവ നഷ്ടമാകുന്നതുമാണ് ഏറ്റെടുക്കലിൻെറ ഏറ്റവും മുഖ്യമായ ആഘാതം. ഇവിടെയുള്ള ഭൂമി ഏറ്റെടുക്കൽ വിവരങ്ങൾ ലഭ്യമായതിൽ 1428 പുരുഷന്മാരും 1503 സ്ത്രീകളുമുൾപ്പെടെ 2931 വ്യക്തികളെ പ്രത്യക്ഷമായി ബാധിക്കുമെന്നാണ് കണക്കാക്കുന്നത്.

പദ്ധതി പൊതുതാത്പര്യാർത്ഥമാണ്. ബാധിതരുടെ ആശങ്കകളും പ്രശ്നങ്ങളും (പാരിസ്ഥിതിക പഠനവും മറ്റ് നിയമങ്ങളുടെ ക്ലിയർൻസും ലഭിച്ചാൽ) പരിഹരിച്ച് അർഹമായ പരമാവതി നഷ്ടപരിഹാരവും നിശ്ചിത സമയത്തിനുള്ളിൽ നിയമം അനുശാസിക്കുന്ന പാക്കേജുകളും സുതാര്യമായി നൽകുക. ഏറ്റെടുക്കേണ്ടിവന്നാൽ ഭൂമി പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ പലരും ത്യാഗം സഹിക്കുകയും അവരുടെ ഏകവസ്തു ത്യജിക്കുകയും ജീവനോപാധിയെ ബാധിക്കുകയും ചെയ്യുന്നുണ്ട്. നിയമമനുസരിച്ചുള്ള ന്യായമായ നഷ്ടപരിഹാരം ഇവർക്ക് ലഭിക്കണം. നിയമത്തിലെ വകുപ്പുകൾ ഇതിന് പര്യാപ്തമാണ്.

ബാധിതർ ആവശ്യപ്പെടുന്നതുപോലെ അലൈന്മെൻറിൽ സാധിക്കുന്ന മാറ്റം വരുത്തിയാൽ കുറേയധികം നഷ്ടം കുറക്കാൻ സാധിക്കും. RFCTLARR Act 2013 നിയമനുസരിച്ചുള്ള ന്യായമായ നഷ്ടപരിഹാരം ഇവർക്ക് ലഭിക്കണം. നിയമത്തിലെ വകുപ്പുകൾ ഇതിന് പര്യാപ്തമാണ്.

12/05/2023

Director, SIA Unit

Don Bosco Arts & Science College, Angadikadavu